# കേരള സർക്കാർ
# പൊതുവിദ്യാഭ്യാസ വകുപ്പ്

## എസ്.എസ്.എൽ.സി സേ പരീക്ഷ
## ജൂലൈ – 2022

# വിജ്ഞാപനം

**പരീക്ഷാകമ്മീഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം –12**

ഇ.എക്സ്/സി.ജി.എൽ(1)/27001/2022/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം.
തീയതി : 21/06/2022

# വിജ്ഞാപനം

വിഷയം : എസ്.എസ്.എൽ.സി സേവ് എ ഇയർ (''സേ'') പരീക്ഷ ജൂലൈ 2022 നടത്തിപ്പ് –സംബന്ധിച്ച്.

സൂചന : എസ്.എസ്.എൽ.സി മാർച്ച് 2022 പരീക്ഷാ വിജ്ഞാപനം. .

2022 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ റഗുലർ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് വേണ്ടിമാത്രമാണ് സേവ് എ ഇയർ (''സേ'') പരീക്ഷ നടത്തുന്നത്. പരമാവധി 3 പേപ്പറുകൾക്ക് വരെ കുറഞ്ഞത് ഡി + ഗ്രേഡ് എങ്കിലും ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ''സേ'' പരീക്ഷ എഴുതാവുന്നതാണ്. സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട പരീക്ഷാ കേന്ദ്രങ്ങളിലാണ് ''സേ'' പരീക്ഷ നടത്തുന്നത്. മാതൃക അപേക്ഷ ഫോറം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**''സേ'' പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡങ്ങൾ**

1. 2022 മാർച്ചിൽ റഗുലർ വിഭാഗത്തിൽ (SGC,ARC, CCC RAC) പരീക്ഷ എഴുതി പരമാവധി മൂന്ന് വിഷയങ്ങൾക്ക് കുറഞ്ഞത് ഡി+ ഗ്രേഡ് എങ്കിലും ലഭിക്കാത്തതുമൂലം ഉന്നത വിദ്യാഭ്യാസത്തിന് അർഹത നഷ്ടപ്പെട്ടവർക്ക് സേവ് എ ഇയർ (''സേ'') പരീക്ഷ എഴുതുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.
2. പ്രസ്തുത പരീക്ഷയിൽ പരമാവധി മൂന്ന് പേപ്പറുകൾക്കു ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഹാജരാകുവാൻ സാധിക്കാതെ വന്ന റഗുലർ വിദ്യാർത്ഥികൾക്കും 'സേ' പരീക്ഷ എഴുതാവുന്നതാണ്.
3. ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. വിദ്യാർത്ഥി പരീക്ഷ എഴുതിയ സെന്ററിൽ അപേക്ഷ നൽകിയാൽ മതിയാകും.

4. SGC വിഭാഗത്തിന് ഐ.റ്റി പരീക്ഷയിൽ തിയറിയും, പ്രാക്ടിക്കലും ചേർത്തായിരിക്കും 'സേ' പരീക്ഷ നടത്തുന്നത്. ഇവർക്ക് ഒരു വിദ്യാഭ്യാസ ജില്ലയിൽ ഒരു പരീക്ഷാ സെന്റർ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഇത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രത്യേകം അറിയിക്കുന്നതാണ്.
5. 2022 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷാ ഫലത്തിന്റെ കമ്പ്യൂട്ടർ പ്രിന്റൗട്ട് ഉപയോഗിച്ച് 'സേ' പരീക്ഷയ്ക്ക് അപേക്ഷ നൽകാവുന്നതാണ്.
6. ഗൾഫ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ന്യൂ ഇൻഡ്യൻ മോഡൽ സ്കൂൾ, ദുബായ് പരീക്ഷാ കേന്ദ്രം ആയിരിക്കും.
7. 'സേ'പരീക്ഷയ്ക്ക് **പുനർ മൂല്യനിർണ്ണയം** അനുവദിക്കുന്നതല്ല.
8. മാർച്ചിൽ നടന്ന പൊതു പരീക്ഷയ്ക്ക് പരീക്ഷാർത്ഥിത്വം ക്യാൻസൽ ചെയ്തവർക്ക് 'സേ' പരീക്ഷയ്ക്ക് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
9. കൂടാതെ 2022 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ കോവിഡ്, അപകടം, ഗുരുതരമായ രോഗം, പിതാവ്/ മാതാവ്/ സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതുവാനോ പൂർത്തിയാക്കുവാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് **മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്**. ഇതിനായി വില്ലേജ് ഓഫീസർ / സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. ബന്ധപ്പെട്ട പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ട് രേഖകൾ പരിശോധിച്ച് പരീക്ഷാർത്ഥിയെ മൂന്നിൽ കൂടുതൽ പേപ്പറുകൾക്ക് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്.
10. 'സേ'പരീക്ഷയ്ക്ക് ഒരു വിഷയത്തിന് 100/-രൂപ നിരക്കിൽ ഫീസ് ഈടാക്കുന്നതാണ്.
11. 'സേ' പരീക്ഷയ്ക്ക് അപേക്ഷിച്ചവരിലാരെങ്കിലും പുനർമൂല്യനിർണ്ണയത്തിൽ ഉപരിപഠനത്തിന് അർഹത നേടിയതായിക്കണ്ടാൽ പ്രസ്തുത വിദ്യാർത്ഥികളുടെ 'സേ' പരീക്ഷാഫലം പരിഗണിക്കുന്നതല്ല.
12. IED വിദ്യാർത്ഥികൾക്ക് 2022 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയ്ക്ക് ലഭിച്ച ആനുകൂല്യം 'സേ' പരീക്ഷയ്ക്കും ലഭിക്കുന്നതാണ്. ഇതിനായി ഡി.ജി.ഇ-യിൽ നിന്നും ലഭിച്ച ഉത്തരവിന്റെ പകർപ്പ് കൂടി അപേക്ഷയോടൊപ്പം പരീക്ഷാകേന്ദ്രത്തിൽ സമർപ്പിക്കേണ്ടതാണ്.

**കുറിപ്പ്: എസ്.എസ്.എൽ.സി സേ പരീക്ഷയോടനുബന്ധിച്ചുള്ള നോട്ടിഫിക്കേഷനിലെ വ്യവസ്ഥകൾക്ക് പുതിയ സർക്കാർ ഉത്തരവുകൾ, പരീക്ഷാകമ്മീഷണറുടെ ഉത്തരവുകൾ എന്നിവ അടിസ്ഥാനമാക്കി മാറ്റം ഉണ്ടാകാവുന്നതാണ്.**

## 2022 –ലെ എസ്.എസ്.എൽ.സി. ‘സേ’ പരീക്ഷയുടെ തീയതിയും സമയവും.

| തീയതി | സമയം | വിഷയം |
|---|---|---|
| 11/07/2022<br>തിങ്കൾ | രാവിലെ 10.00<br>മുതൽ 11.45 വരെ | **ഒന്നാംഭാഷ- പാർട്ട് I**<br>മലയാളം/തമിഴ്/കന്നട<br>ഉറുദു/ഗുജറാത്തി/<br>അഡീ.ഇംഗ്ലീഷ്/അഡീ.ഹിന്ദി/<br>സംസ്കൃതം (അക്കാഡമിക്)/<br>സംസ്കൃതം ഓറിയന്റൽ- ഒന്നാം പേപ്പർ<br>(സംസ്കൃത സ്കൂളുകൾക്ക്)<br>അറബിക് (അക്കാഡമിക്)/<br>അറബിക് ഓറിയന്റൽ- ഒന്നാംപേപ്പർ<br>(അറബിക് സ്കൂളുകൾക്ക്) ഗുജറാത്തി. |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30<br>വരെ | **ഫിസിക്സ്** |
| 12/07/2022<br>ചൊവ്വ | രാവിലെ 10.00<br>മുതൽ 12.45 വരെ | **കണക്ക്** |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30<br>വരെ | **ഒന്നാം ഭാഷ പാർട്ട് II**<br>മലയാളം/തമിഴ്/കന്നട/<br>സ്പെഷ്യൽ ഇംഗ്ലീഷ്/<br>ഫിഷറീസ് സയൻസ് (ഫിഷറീസ്<br>ടെക്നിക്കൽ സ്കൂളുകൾക്ക്)/<br>അറബിക് ഓറിയന്റൽ- രണ്ടാം<br>പേപ്പർ (അറബിക് സ്കൂളുകൾക്ക്)/<br>സംസ്കൃതം ഓറിയന്റൽ- രണ്ടാം<br>പേപ്പർ(സംസ്കൃതം സ്കൂളുകൾക്ക്) |
| 13/07/2022<br>ബുധൻ | രാവിലെ 10.00<br>മുതൽ 12.45 വരെ | ഇംഗ്ലീഷ് |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30<br>വരെ | ബയോളജി |
| 14/07/2022<br>വ്യാഴം | രാവിലെ 09.30<br>മുതൽ 11.15 വരെ | കെമിസ്ട്രി |
| | ഉച്ചയ്ക്കുശേഷം<br>2.30 മുതൽ 3.30<br>വരെ | ഇൻഫർമേഷൻ ടെക്നോളജി |
| 18/07/2022<br>തിങ്കൾ | രാവിലെ 10.00<br>മുതൽ 12.45 വരെ | സോഷ്യൽ സയൻസ് |
| | ഉച്ചയ്ക്കുശേഷം<br>1.45 മുതൽ 3.30<br>വരെ | ഹിന്ദി/ജനറൽ നോളഡ്ജ് |

- **ആദ്യത്തെ 15 മിനിട്ട് കൂൾ ഓഫ് ടൈം ആയിരിക്കും**

**പരീക്ഷാഫീസ്**

പരീക്ഷാർത്ഥികൾ 2022 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ പരീക്ഷാകേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് പരീക്ഷാഫീസ് അപേക്ഷയോടൊപ്പം പണമായി നൽകേണ്ടതാണ്. പിരിച്ചെടുത്ത ഫീസുകൾ '0202-01-102-99 എക്സാമിനേഷൻ ഫീസ്' എന്ന ശീർഷകത്തിൽ 01/07/2022-ന് വൈകിട്ട് 4-മണിക്കു മുമ്പായി ട്രഷറിയിൽ ഒടുക്കേണ്ടതാണ്.

**അപേക്ഷാ ഫോറം**

അപേക്ഷാഫോറം പരീക്ഷാഭവന്റെ www.https://sslcexam.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം പരീക്ഷ എഴുതി ലഭിച്ചിട്ടുള്ള ഗ്രേഡ് വ്യക്തമാക്കുന്ന കമ്പ്യൂട്ടർ പ്രിന്റൗട്ടും 2022 മാർച്ചിൽ പരീക്ഷ എഴുതിയ പരീക്ഷാ കേന്ദ്രത്തിലെ പ്രഥമാദ്ധ്യാപകന് സമർപ്പിക്കേണ്ടതാണ്.

**ഹാൾടിക്കറ്റ് വിതരണം**

'സേ' പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ ഹാൾ ടിക്കറ്റുകൾ പരീക്ഷാഭവൻ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് ജൂലൈ 8-ാം തീയതിയ്ക്ക് മുൻപ് പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതാണ്.

**സർട്ടിഫിക്കറ്റ്**

പരീക്ഷാർത്ഥികൾക്ക് മാതൃവിദ്യാലയത്തിലെ പ്രഥമാദ്ധ്യാപകർ മുഖേനയാണ് 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത്. ഫലം പ്രസിദ്ധപ്പെടുത്തി മൂന്നു മാസത്തിനകം പരീക്ഷാർത്ഥികൾ 'സേ' പരീക്ഷാ സർട്ടിഫിക്കറ്റുകൾ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് പരീക്ഷാഭവൻ സെക്രട്ടറിയുടെ പേർക്ക് തിരികെ രജിസ്റ്റേഡായി അയയ്ക്കേണ്ടതാണ്.

**അപേക്ഷകളുടെ രജിസ്ട്രേഷൻ**

അനുബന്ധം "എ" ആയി ചേർത്തിരിക്കുന്ന അപേക്ഷാ ഫോറമാണ് സേ പരീക്ഷയുടെ രജിസ്ട്രേഷനായി ഉപയോഗിക്കേണ്ടത്. 2022 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതിയ സ്കൂളിൽ **24/06/2022 മുതൽ 29/06/2022**-ന് **മുൻപായി** അപേക്ഷ നൽകേണ്ടതാണ്. ഓരോ സ്കൂളിനും ഈ രീതിയിൽ ലഭിക്കുന്ന അപേക്ഷകൾ അതാത്

സ്കൂൾ പ്രഥമാദ്ധ്യാപകർ ഒരുമിച്ച് ബന്ധപ്പെട്ട സേ പരീക്ഷാകേന്ദ്രത്തിൽ **30/06/2022 ന് വൈകിട്ട് 4- മണിക്കു** മുമ്പായി സമർപ്പിക്കണം. ജില്ലാവിദ്യാഭ്യാസ ഓഫീസർമാരാണ് പരീക്ഷാകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നത്. അപ്രകാരം തെരഞ്ഞെടുത്ത സേ പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടുമാർ അപേക്ഷാഫോറം സ്വീകരിച്ച് **02/07/2022-ന് വൈകിട്ട് 5 മണിക്കു മുൻപായി തന്നെ** ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

സേ പരീക്ഷ എഴുതാൻ അർഹതയുള്ളവരെ മാത്രമേ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യിക്കുവാൻ പാടുള്ളു. മാത്രമല്ല അർഹതയുള്ള വിഷയങ്ങൾക്ക് മാത്രമാണ് പരീക്ഷാർത്ഥി അപേക്ഷിക്കുന്നതെന്ന് ഓരോ സ്കൂൾ പ്രഥമാദ്ധ്യാപകനും സേ പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടും ഉറപ്പാക്കേണ്ടതുമാണ്.

സേ പരീക്ഷ നടത്തിയതിന് ശേഷം ബാക്കിയുള്ള തുക '0202-01-102-99' എന്ന ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. ചെലാൻ രസീതിന്റെ കോപ്പിയും വരവ് ചെലവ് കണക്കുകളും യഥാസമയം പരീക്ഷാഭവനിലേക്ക് അയയ്ക്കേണ്ടതാണ്.

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ എല്ലാവരും കൃത്യമായി പാലിക്കേണ്ടതാണ്.

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ

## അനുബന്ധം – എ

## എസ്.എസ്.എൽ.സി. സേവ് എ ഇയർ ('സേ')പരീക്ഷ – ജൂലൈ 2022
## അപേക്ഷാഫാറം

പരീക്ഷാർത്ഥി ഉൾപ്പെടുന്ന വിഭാഗം (✓)ചെയ്യുക : SGC/ARC/RAC/CCC

1. 'സേ'പരീക്ഷാകേന്ദ്രത്തിന്റെ നമ്പരും പേരും
   (ഹെഡ്മാസ്റ്റർ പൂരിപ്പിക്കേണ്ടത്) :
2. പരീക്ഷാർത്ഥിയുടെ പേര് :
3. 2022 മാർച്ചിലെ പരീക്ഷയ്ക്ക് ലഭിച്ച രജിസ്റ്റർ നമ്പർ :
4. പരീക്ഷ എഴുതുന്ന മാധ്യമം :
5. 2022 മാർച്ചിൽ പരീക്ഷ എഴുതിയ സെന്ററിന്റെ
   നമ്പറും പേരും :
6. പരീക്ഷയ്ക്ക് എഴുതുന്ന പേപ്പറുകൾ *** :

| ക്രമ നമ്പർ | പരീക്ഷ എഴുതുന്ന പേപ്പറുകൾ | ലഭിച്ച ഗ്രേഡ് (03/2022) |
|---|---|---|
| 1 | | |
| 2 | | |
| 3 | | |
| 4 | | |
| 5 | | |
| 6 | | |
| 7 | | |
| 8 | | |
| 9 | | |
| 10 | | |

*** 2022 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ കോവിഡ്, അപകടം, ഗുരുതരമായ രോഗം, പിതാവ്/മാതാവ്/സഹോദരങ്ങൾ എന്നിവരുടെ മരണം എന്നീ കാരണങ്ങളാൽ പരീക്ഷ എഴുതാനോ പൂർത്തിയാക്കാനോ കഴിയാത്തവരുണ്ടെങ്കിൽ ഇവർക്ക് മൂന്നിൽ കൂടുതൽ പേപ്പറുകൾ പരീക്ഷ എഴുതുന്നതിന് അനുവാദം ഉണ്ടായിരിക്കുന്നതാണ്. ഇതിനായി വില്ലേജ് ഓഫീസർ / സർക്കാർ ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

7. IED വിഭാഗത്തിൽപ്പെടുന്നുണ്ടോ : ഉണ്ട്/ഇല്ല

8. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും
(ഡി.ജി.ഇ-യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്) :

9. പരീക്ഷാഫീസ് : (രൂപ മാത്രം)

10. രക്ഷകർത്താവിന്റെ പേര് :

11. പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും :

മേൽ പ്രസ്താവിച്ച വസ്തുതകൾ സത്യമാണെന്ന് ഇതിനാൽ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി : പരീക്ഷാർത്ഥിയുടെ ഒപ്പ്

---

<u>മാതൃ വിദ്യാലയത്തിലെ ഓഫീസ് ഉപയോഗത്തിന്</u>

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷാർത്ഥിക്ക് IED വിഭാഗത്തിലെ എന്തെങ്കിലും ആനുകൂല്യത്തിന് അർഹതയുണ്ടോ ? :
3. എങ്കിൽ വിഭാഗവും ലഭിച്ച ആനുകൂല്യങ്ങളും
(ഡി.ജി.ഇ-യുടെ ഉത്തരവിന്റെ കോപ്പി സമർപ്പിക്കേണ്ടതാണ്) :

അപേക്ഷ പരിശോധിച്ച് നൽകിയിരിക്കുന്ന കാര്യങ്ങൾ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:
തീയതി: ഹെഡ്മാസ്റ്ററുടെ ഒപ്പ്

---

**<u>സേ പരീക്ഷാ കേന്ദ്രത്തിലെ ഓഫീസ് ഉപയോഗത്തിന്</u>**

1. അപേക്ഷ ലഭിച്ച തീയതി :
2. അപേക്ഷയിൽ പറഞ്ഞിട്ടുള്ള വിവരങ്ങൾ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കിയ ഉദ്യോഗസ്ഥന്റെ ഒപ്പ് :
3. അനുവദിച്ച രജിസ്റ്റർ നമ്പർ : [ ]
4. ചീഫ് സൂപ്രണ്ടിന്റെ ഒപ്പ് :

| Name of SSLC Say Examination Centres July 2022 | | | |
|---|---|---|---|
| Sl.No | Centre Code | School Name | DEO |
| 1 | 11020 | Govt.HSS Kumbala | Kasaragod |
| 2 | 11002 | Govt.HSS Kasaragod | |
| 3 | 12004 | Govt.HSS Hosdurg | Kanhangad |
| 4 | 13005 | GVHSS (Sports) Kannur | Kannur |
| 5 | 14005 | BEMHS Thalasseri | Thalasseri |
| 6 | 15006 | GVHSS Manathavady | Wayanad |
| 7 | 15027 | GVHSS Kalpetta | |
| 8 | 15053 | GSV HSS Sulthan Bathery | |
| 9 | 16001 | BEM HS Vadakara | Vadakara |
| 10 | 17005 | Govt.HSS Azchavattom | Kozhikode |
| 11 | 17038 | Malabar Christian College HSS, Kozhikkode | |
| 12 | 18008 | GVHSS Kondotty | Malappuram |
| 13 | 18021 | GBHSS Manjery | |
| 14 | 19016 | GBHSS Tirur | Tirur |
| 15 | 19040 | GHSS Kuttippuram | |
| 16 | 20035 | GHSS Ottappalam East | Ottappalam |
| 17 | 20002 | GHSS Vattenad | |
| 18 | 21041 | GVGHSS Chittur | Palakkad |
| 19 | 21026 | GVHSS Nemmara | |
| 20 | 21054 | GMMGHSS Palakkad | |
| 21 | 22056 | Govt.Model Boys HS Thrissur | Thrissur |
| 22 | 23021 | Govt.Model Boys HS Irinjalakkuda | Irinjalakkuda |
| 23 | 24047 | MRR MHSS Chavakkad | Chavakkad |
| 24 | 24033 | GBHSS Vadakkanchery | |
| 25 | 25011 | St.Mary's HSS Aluva | Aluva |
| 26 | 26056 | SDPY BHSS Palluruthy | Ernakulam |
| 27 | 26084 | St.Antony's HSS Kacherippady | |
| 28 | 27006 | GHSS Perumbavoor | Kothamangalam |
| 29 | 28004 | Govt.Model HSS Moovattupuzha | Muvattupuzha |
| 30 | 29025 | GHSS Thodupuzha | Thodupuzha |
| 31 | 30020 | St.George HS Kattappana | Kattappana |
| 32 | 31086 | Mahatma Gandhi GHSS Pala | Pala |
| 33 | 32035 | St.Mary's Girls HS Kanjirappally | Kanjirappally |
| 34 | 33045 | Baker Memorial Girls HSS Kottayam | Kottayam |
| 35 | 34024 | Govt.Girls HSS Cherthala | Cherthala |
| 36 | 35009 | Mohammadans HSS for Girls | Alappuzha |
| 37 | 36201 | NSBHS Mannar | Mavelikkara |

| | | | |
|---|---|---|---|
| 38 | 37049 | Balikamadom HSS Thiruvalla | Thiruvalla |
| 39 | 38057 | Catholicate HSS Pathanamthitta | Pathanamthitta |
| 40 | 39012 | Govt.BHS & VHS Kottarakkara | Kottarakkara |
| 41 | 40004 | GHSS Anchal East | Punalur |
| 42 | 41081 | Govt. HS Vallikeezhu | Kollam |
| 43 | 41069 | Govt.Model Girls HS Kollam | |
| 44 | 42007 | Govt.VHSS Alamcode | Attingal |
| 45 | 42001 | SNVHSS Anad | |
| 46 | 43085 | Govt.HSS for Girls Cotton Hill | Thiruvananthapuram |
| 47 | 44037 | GGHSS Neyyattinkara | Neyyattinkara |
| 48 | 45024 | St.Agnes HSS Muttuchira | Kaduthuruthy |
| 49 | 47099 | MJHSS Elettil | Thamarassery |
| 50 | 47028 | GGHSS Balusseri | |
| 51 | 48037 | GVHSS Mambad | Wandoor |
| 52 | 48047 | VMCGHSS Wandoor | |
| 53 | 49004 | Seethi Sahib HSS Thaliparamba | Taliparamba |
| 54 | 50008 | GHSS Thirurangadi | Thirurangadi |
| 55 | 50018 | DGHSS Tanur | |
| 56 | 51005 | HS Sreekrishnapuram | Mannarkkad |
| 57 | 51023 | GHS Agali | |
| 58 | 26094 | Govt.HSS Ammini | Lakshadweep |
| 59 | 26095 | Govt.HSS Kalpeni | |
| 60 | 26097 | Govt.HSS Agathi | |
| 61 | 26098 | Govt.HSS Androth | |
| 62 | 26099 | Govt.HSS Kavarathi | |
| 63 | 26100 | Govt. HSS Kiltan | |
| 64 | 26101 | Govt. HSS Kadamath | |
| 65 | 26096 | Govt.HS Minicoy | |
| 66 | 26102 | Govt.HSS Chethlath | |
| 67 | 43092 | New Indian Model School | Dubai |

ജീവൻ ബാബു കെ. ഐ.എ.എസ്.
പൊതുവിദ്യാഭ്യാസ ഡയറക്ടർ &
പരീക്ഷാ കമ്മീഷണർ